**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6617** **11-07-2024 - ൽ മറുപടിയ്ക്ക്**

**ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി ടൂറിസം വകുപ്പ് അട്ടിമറിക്കുകയാണെന്ന സ്ഥലം എം.എൽ.എ. യുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കണ്ണമ്മൂല മുതൽ ആക്കുളം കായൽ വരെയുള്ള തണ്ണീർത്തട സംരക്ഷണത്തിന്റെ ഭാഗമായി തയ്യാറാക്കിയ Rejuvenation of Akkulam lake and its Watershed Rebuilding Kerala-The Sustainable way എന്ന KIIFB പദ്ധതിയ്ക്ക് 03/12/2018 ലെ സ.ഉ.(സാധാ)നം. 515/2018/ ടൂറിസം പ്രകാരം 128.68 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകുകയും WAPCOS എന്ന സ്ഥാപനത്തിനെ വിശേഷാൽ ലക്ഷ്യോപാധി(SPV) ആയി തിരഞ്ഞെടുക്കുകയും ചെയ്തിരുന്നു. തുടർന്ന് 19/10/2019 ലെ സ.ഉ.(സാധാ)നം. 350/2019/ ടൂറിസം പ്രകാരം 185.23 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതി ടെൻഡർ ചെയ്യുകയും ചെയ്തു. തുടർന്ന് 08.07.2022ലെ സ.ഉ.(കൈ)നം.6/2022/ടൂറിസം പ്രകാരം ശ്രീ. അവന്തിക കോൺട്രാക്ടേഴ്സ് ഇന്ത്യ ലിമിറ്റഡ്(SACIL) എന്ന സ്ഥാപനം സമർപ്പിച്ച 96 കോടി രൂപയുടെ ടെൻഡർ അംഗീകരിച്ച് ഉത്തരവാകുകയുണ്ടായി. ആയതിൻ പ്രകാരം SPV ആയ WAPCOS ടി സ്ഥാപനത്തിന് 10.10.2022 ൽ LOA നൽകിയിരുന്നു. ശ്രീ അവന്തിക കോൺട്രാക്ടേഴ്സ്(I) ഇന്ത്യ ലിമിറ്റിഡിനെ തിരഞ്ഞെടുത്തത് M/s Biostarts Ventures Limited എന്ന സ്ഥാപനത്തിന്റെ പ്രവർത്തന പരിചയത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവെങ്കിലും ചില കാരണങ്ങളാൽ ശ്രീ അവന്തിക കോൺട്രാക്ടേഴ്സ് ഇന്ത്യ ലിമിറ്റിഡിന്റെ (SACIL) TECHNICAL PARTNER എന്ന നിലയിൽ ടി സ്ഥാപനത്തെ മാറ്റുകയും പകരം M/s Bluedrops-നെ കൊണ്ട് വരികയും ചെയ്തിരുന്നു. തുടർന്ന് നടന്ന ബഹു.മുഖ്യമന്ത്രിയുടെ 20.07.2022ലെ Priority Projects റിവ്യൂ മീറ്റിംഗിന്റെ തീരുമാനപ്രകാരം രൂപീകരിച്ച ടെക്നിക്കൽ ഇവാല്യൂവേഷൻ കമ്മിറ്റിയും |

| | | | |
|---|---|---|---|
| | | | തുടർന്ന് പുന:സംഘടിപ്പിച്ച പദ്ധതി ടെക്നിക്കൽ ഇവാല്യൂവേഷൻ കമ്മിറ്റിയും ടി സ്ഥാപനത്തിന്റെ യോഗ്യതകൾ പരിശോധിക്കുകയും ടി സ്ഥാപനത്തിന് പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതിനുള്ള യോഗ്യതയില്ലായെന്ന് കണ്ടെത്തുകയും ചെയ്തു. ഈ സാഹചര്യത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കിഫ്.ബിയുമായി കൂടി ആലോചിച്ച് തുടർ നടപടി സ്വീകരിക്കും. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; വർക് ഓർഡർ നൽകിയത് എന്നാണെന്നും എസ്.പി.വി. ആയി നിയോഗിച്ചത് ഏത് സ്ഥാപനത്തെ ആണെന്നും കരാർ നൽകിയത് ഏത് സ്ഥാപനത്തിനാണെന്നും വിശദമാക്കുമോ; | (ബി) | തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കണ്ണമ്മൂല മുതൽ ആക്കുളം കായൽ വരെയുള്ള തണ്ണീർത്തട സംരക്ഷണത്തിന്റെ ഭാഗമായി തയ്യാറാക്കിയ Rejuvenation of Akkulam lake and its Watershed Rebuilding Kerala-The Sustainable way എന്ന KIIFB പദ്ധതിയ്ക്ക് 03/12/2018 ലെ സ.ഉ.(സാധാ)നം. 515/2018/ ടൂറിസം പ്രകാരം 128.68 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകുകയും WAPCOS എന്ന സ്ഥാപനത്തിനെ വിശേഷാൽ ലക്ഷ്യോപാധി(SPV) ആയി തിരഞ്ഞെടുക്കുകയും ചെയ്തിരുന്നു. തുടർന്ന് 19/10/2019 ലെ സ.ഉ.(സാധാ)നം. 350/2019/ ടൂറിസം പ്രകാരം 185.23 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതി ടെൻഡർ ചെയ്യുകയും ചെയ്തു. തുടർന്ന് 08.07.2022ലെ സ.ഉ.(കൈ)നം.6/2022/ടൂറിസം പ്രകാരം ശ്രീ. അവന്തിക കോൺട്രാക്ടേഴ്സ് ഇന്ത്യ ലിമിറ്റഡ്(SACIL) എന്ന സ്ഥാപനം സമർപ്പിച്ച 96 കോടി രൂപയുടെ ടെൻഡർ അംഗീകരിച്ച് ഉത്തരവാകുകയുണ്ടായി. ആയതിൻ പ്രകാരം SPV ആയ WAPCOS ടി സ്ഥാപനത്തിന് 10.10.2022 ൽ LOA നൽകിയിരുന്നു. ശ്രീ അവന്തിക കോൺട്രാക്ടേഴ്സ്(I) ഇന്ത്യ ലിമിറ്റിഡിനെ തിരഞ്ഞെടുത്തത് M/s Biostarts Ventures Limited എന്ന സ്ഥാപനത്തിന്റെ പ്രവർത്തന പരിചയത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവെങ്കിലും ചില കാരണങ്ങളാൽ ശ്രീ അവന്തിക കോൺട്രാക്ടേഴ്സ് ഇന്ത്യ ലിമിറ്റിഡിന്റെ (SACIL) TECHNICAL PARTNER എന്ന നിലയിൽ ടി സ്ഥാപനത്തെ മാറ്റുകയും പകരം M/s Bluedrops-നെ കൊണ്ട് വരികയും ചെയ്തിരുന്നു. തുടർന്ന് നടന്ന ബഹു.മുഖ്യമന്ത്രിയുടെ 20.07.2022ലെ Priority Projects റിവ്യൂ മീറ്റിംഗിന്റെ തീരുമാനപ്രകാരം രൂപീകരിച്ച ടെക്നിക്കൽ ഇവാല്യൂവേഷൻ കമ്മിറ്റിയും തുടർന്ന് പുന:സംഘടിപ്പിച്ച പദ്ധതി ടെക്നിക്കൽ ഇവാല്യൂവേഷൻ കമ്മിറ്റിയും ടി സ്ഥാപനത്തിന്റെ യോഗ്യതകൾ പരിശോധിക്കുകയും ടി സ്ഥാപനത്തിന് പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതിനുള്ള യോഗ്യതയില്ലായെന്ന് കണ്ടെത്തുകയും ചെയ്തു. ഈ |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കിഫ്.ബിയുമായി കൂടി ആലോചിച്ച് തുടർ നടപടി സ്വീകരിക്കും. |
| (സി) | എസ്.പി.വി. യും കരാറുകാരനും ടൂറിസം വകുപ്പും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; കരാർ ഒപ്പിടുന്ന കാര്യത്തിൽ മുഖ്യമന്ത്രി എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോയെന്നും അത് ടൂറിസം വകുപ്പ് പാലിച്ചിട്ടുണ്ടോ എന്നുമുള്ള വിശദാംശം നൽകുമോ; | (സി) | ചില സാങ്കേതിക തടസ്സങ്ങളാലും മതിയായ രേഖകളുടെ അഭാവത്തിലും എസ്.പി.വി. യും, കരാറുകാരനും, വിനോദസഞ്ചാര ഡയറക്ടറുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കരാർ ഒപ്പിടുന്ന കാര്യത്തിൽ ബഹു.മുഖ്യമന്ത്രി നിർദ്ദേശം ഒന്നും നൽകിയിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതിയെക്കുറിച്ച് പഠിക്കുന്നതിനായി ടൂറിസം വകുപ്പ് കൺസൾട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഏതു സാഹചര്യത്തിലാണ് കൺസൾട്ടൻസിയെ നിയോഗിച്ചത്; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; എത്ര രൂപയാണ് പ്രതിഫലം നൽകിയത്; വ്യക്തമാക്കുമോ; | (ഡി) | പ്രസ്തുത പദ്ധതിയെ കുറിച്ച് പഠിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് കൺസൾട്ടൻസിയെ നിയമിച്ചിരുന്നില്ല. എന്നാൽ പദ്ധതിയുടെ O&M പരിശോധന വിധേയമാക്കുന്നതിന്റെ ഭാഗമായി ഒരു കൺസൾട്ടന്റിന്റെ സേവനം തേടിയിരുന്നു. |
| (ഇ) | 2022-ൽ തെരഞ്ഞെടുത്ത കരാർ കമ്പനി നാളിതുവരെ ബാങ്ക് ഗ്യാരണ്ടി അടക്കം എത്ര രൂപ ഈ പദ്ധതിക്ക് ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ; കരാറുകാരനുമായി മേല്പറഞ്ഞ രീതിയിൽ കരാർ ഒപ്പിടുന്നതിന് ടൂറിസം വകുപ്പിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | ടെണ്ടർ വ്യവസ്ഥ പ്രകാരം കരാറുകാരൻ ഒടുക്കേണ്ട തുകയായ 4.8 കോടിയുടെ ബാങ്ക് ഗ്യാരന്റി ഒടുക്കിയിട്ടുണ്ട്. എസ്.പി.വി.യും, കരാറുകാരനും, വിനോദസഞ്ചാര വകുപ്പ് ഡയറക്ടറും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ